## മധുരമായ കുട്ടികളെ - വിവേകശാലികളായി നടക്കുമ്പോഴും കറങ്ങുമ്പോഴും എവിടെയെല്ലാം സേവനമുണ്ടോ ചെയ്തുകൊണ്ടിരിക്കൂ, ബാബയുടെ പരിചയം നൽകൂ, സേവനത്തിനുള്ള താത്പര്യം വയ്ക്കൂ

**ചോദ്യം:-** കുട്ടികളുടെ ബുദ്ധിയിൽ ഏതൊരു കാര്യം വരികയാണെങ്കിൽ തന്റേതെല്ലാം തന്നെ സഫലമാകൻ സാധിക്കും?
**ഉത്തരം:-** ഇപ്പോൾ ഇതെല്ലാം നശിക്കാനുള്ളതാണ്, രണ്ടണ നൽകുന്നതിലൂടെ ബാബയിലൂടെ കൊട്ടാരം ലഭിക്കുന്നു. . . ആരുടെ ബുദ്ധിയിലാണോ ഈ കാര്യം വരുന്നത്, അവർ തന്റേതെല്ലാം തന്നെ ഈശ്വരീയ കാര്യത്തിൽ സഫലമാക്കുന്നു. പാവപ്പെട്ടവർ തന്നെയാണ് ബലിയർപ്പണമാകുന്നത്. ബാബ ദാതാവാണ് - നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി നൽകുന്നു, ഒന്നും എടുക്കുന്നില്ല.

**ഗീതം:- പ്രിയതമാ വന്ന് ചേരൂ. . . .**

**ഓം ശാന്തി**. പ്രിയതമകൾ അർത്ഥം ഭക്തകൾ, വധുക്കൾ അർത്ഥം സ്നേഹിതമാർ. ഭക്തകൾ പ്രിയതമനെ അഥവാ വരനെ വിളിക്കുന്നു, പുരുഷൻമാരും സ്ത്രീകളും എല്ലാവരും ചേർന്നാണ് വിളിക്കുന്നത്. എത്ര യനേകമനേകം പേരുണ്ട്. വിളിക്കുന്നുണ്ടെങ്കിൽ അതിലൂടെ വ്യക്തമാകുന്നത് പ്രിയതമകൾക്ക് തീർച്ചയായും ഏതോ ഒരു പ്രിയതമൻ ഉണ്ട് എന്നാണ്. എല്ലാവരും ഒരാളെ തന്നെയാണ് വിളിക്കുന്നത് അല്ലയോ പരംപിതാ പരമാത്മാവേ വരൂ. ഞങ്ങൾ അങ്ങയെ വളരെയധികം ഓർമ്മിക്കുന്നു. ഓർമ്മചിഹ്നങ്ങൾ ധാരാളം പേരുടേത് ഉണ്ടാക്കുന്നുണ്ട്. ഇപ്പോൾ അതെല്ലാം മനുഷ്യന്റെ ഓർമ്മ ചിഹ്നങ്ങളാണ്. ലക്ഷ്മീ-നാരായണൻ, രാമൻ-സീത തുടങ്ങിയ ദേവീ-ദേവതകളെയും ഓർമ്മിക്കുന്ന ധാരാളം പേരുണ്ട് എന്തുകൊണ്ടെന്നാൽ മനുഷ്യനെക്കാളും ഉയർന്നതാണ് ദേവത അതുകൊണ്ടാണ് ദേവതകളെ പൂജിക്കുന്നത്. സംഖ്യാക്രമത്തിൽ തന്നെയാണ് ഉയർന്നവരും താഴ്ന്നവരും. ഉയർന്നതിലും ഉയർന്നതെന്ന് പറയുന്നത് ഭഗവാനെ മാത്രമാണെന്ന് എല്ലാവർക്കുമറിയാം. പിന്നെയാണ് ബ്രഹ്മാ-വിഷ്ണു-ശങ്കരൻ, പിന്നീടുള്ളത് ബ്രഹ്മാവും ജഗദംബയുമാണ്. മുഖ്യമായിട്ടുള്ളത് ഇവരാണ്. ഉയർന്നതിലും ഉയർന്ന ബാബയിലൂടെ നമുക്ക് ഉയർന്നതിലും ഉയർന്ന സമ്പത്ത് ലഭിക്കുന്നു എന്നത് കേവലം കുട്ടികളുടെ ബുദ്ധിയിൽ മാത്രമാണുള്ളത്. എന്തുകൊണ്ടെന്നാൽ ആ ബാബയെ ആർക്കും അറിയുകയേ ഇല്ല. എപ്പോഴാണോ ബാബ വരുന്നത് അപ്പോൾ മാത്രമാണ് വന്ന് തന്റെ പരിചയം നൽകുന്നത്. ബാബ പറയുന്നു എനിക്ക് നിങ്ങൾ കുട്ടികളുമായല്ലാതെ മറ്റാരുമായും കൂടികാഴ്ച നടത്താൻ സാധിക്കില്ല. ധാരാളം പേർ വരാറുണ്ട്, വന്ന് പറയുന്നു ഇവിടുത്തെ മഹാത്മാവിനെ ഒന്നുകാണണം. ഇവിടെ അത്തരം കാര്യം തന്നെയില്ല. ഇവിടെ അച്ഛന്റെയും മക്കളുടെയും ബന്ധമാണ്. ഇതല്ലാതെ മറ്റാർക്കെങ്കിലും എന്തെങ്കിലും കാര്യമുണ്ടെങ്കിൽ അത് വേറെക്കാര്യം. മുരളിയും ബാബ കുട്ടികളുടെ മുന്നിൽ മാത്രമാണ് വായിക്കുന്നത്. അത് എല്ലാവരുടെയും അച്ഛനാണെന്ന് പ്രദർശിനിയിൽ നിങ്ങൾ തെളിയിച്ച് പറഞ്ഞ് കൊടുക്കാറുണ്ട്. മനുഷ്യർ പറയുന്നത് പരമാത്മാവ് നാമരൂപത്തിൽ നിന്ന് വേറിട്ടതാണ് എന്നാണ്. നിങ്ങൾ പറയുന്നത് പേരുമുണ്ട്, രൂപവുമുണ്ട്, അപ്പോൾ ദേശവുമുണ്ട്, ചിത്രവു മുണ്ട്. ബാബയെ വിളിക്കുന്നുമുണ്ട് അപ്പോൾ ഏതുപോലെയാണോ ആത്മാക്കൾ വരുന്നത് അതുപോലെ പരമാത്മാവും വരുന്നു. ശിവന്റെ ക്ഷേത്രത്തിൽ കാളയെ കാണിക്കാറുണ്ട്. അതിനെ നന്ദീഗണമെന്ന് പറയുന്നു അപ്പോൾ ഇതിലൂടെയും വ്യക്തമാകുന്നത് ശിവ പരമാത്മാവ് വരുന്നുണ്ട് എന്നാണ്. പിന്നെന്തുകൊണ്ടാണ് വരാൻ സാധിക്കില്ല എന്നുപറയുന്നത്. മനുഷ്യർ എത്ര ബുദ്ധുക്കളാണ്, കാണിക്കുന്നുമുണ്ട് കാളയുടെ ഭൃകുഢിയിൽ ശിവനിരിക്കുന്നതായി, പരമാത്മാവും യഥാർത്ഥത്തിൽ ഭൃകുഢി മദ്ധ്യത്തിൽ തന്നെയാണ് ഇരിക്കുന്നത്. ഭഗവാനും വരേണ്ടതായുണ്ടെങ്കിൽ തീർച്ചയായും ഭൃകുഢി മദ്ധ്യത്തിലേക്ക് തന്നെയാണ് വരിക. നന്ദീഗണമെന്ന് ആരെയാണ് പറയുന്നതെന്നും ഇപ്പോൾ പ്രദർശിനിയിൽ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ബാബ പറയുന്നു ഞാൻ കുട്ടികൾക്ക് മാത്രമാണ് മനസ്സിലാക്കി തരുന്നത്. മനുഷ്യർ ഗോഡ് ഫാദറെന്ന് പറയാറുണ്ട്, എന്നാൽ പിതാവിന്റെ പേരെന്താണ്? അതാർക്കും പറയാൻ സാധിക്കില്ല. ലൗകിക പിതാവിന്റെ പേര് പെട്ടന്ന് തന്നെ കേൾപ്പിക്കും. ശിവബാബയ്ക്ക് പേരുകളും ധാരാളം നൽകിയിരിക്കുന്നു. വാസ്തവത്തിൽ പേര് ഒന്നു മാത്രമായിരിക്കണം. ബാബ തന്നെയാണ് ഈ എല്ലാ കാര്യങ്ങളിലേക്കും പ്രകാശം നൽകുന്നത്. മനുഷ്യനാണെങ്കിൽ ഈ സമയം തുച്ഛബുദ്ധിയായിരിക്കുന്നു. നാഥനെ അറിയുന്നില്ല. വേദങ്ങൾ ശാസ്ത്രങ്ങൾ തുടങ്ങിയവ പഠിക്കുക - ഇതാണ് ഭക്തി മാർഗ്ഗം. മനസ്സിലാക്കുന്നു ഭക്തിയിലൂടെ ഭഗവാനെ ലഭിക്കും. ഭക്തരും മനുഷ്യരാണ്. അവർക്ക് തീർച്ചയായും

ഭഗവാനെ ലഭിക്കണം എന്നാൽ എപ്പോൾ ലഭിക്കും..... ഇതാർക്കും തന്നെ അറിയില്ല. ഭക്തിമാർഗ്ഗത്തിൽ ആർക്കെങ്കിലും സാക്ഷാത്ക്കാരമുണ്ടായാൽ ഭഗവാനെ ലഭിച്ചെന്ന് കരുതുന്നു. ഇതിലൂടെ മുക്തി നേടിയിരിക്കുന്നു എന്ന് കരുതുന്നു എന്തുകൊണ്ടെന്നാൽ ഭഗവാനെ എപ്പോഴാണോ ലഭിക്കുന്നത് അപ്പോൾ മുക്തി തന്നെയാണ് നൽകുന്നത്. ഭഗവാൻ തന്നെയാണ് എല്ലാവർക്കും മുക്തിയും ജീവിതമുക്തിയും നൽകുന്നത്. പതിതരെ പാവനമാക്കുന്നു, ദുഃഖത്തെ ഹരിക്കുന്നു സുഖം നൽകുന്നു......

ബാബ ദാതാവാണ്. രണ്ടണയ്ക്ക് പകരം കൊട്ടാരം നൽകുന്നു. മുഴുവൻ വിശ്വത്തിന്റെയും ചക്രവർത്തീ പദവി നൽകുന്നു. ബാബ പറയുന്നു ഇപ്പോൾ എല്ലാം നശിക്കാനുള്ളതാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ഉപയോഗിച്ച് സഫലമാക്കൂ. നിങ്ങൾക്ക് റിട്ടേൺ ഭാവിയിൽ ലഭിക്കും. ധനവാനൊന്നും ബാബയെ നേടാൻ സാധിക്കില്ല. ബലിയർപ്പണമാകാൻ സാധിക്കില്ല. പാവപ്പെട്ട കുട്ടികൾ തന്നെയാണ് ബലിയർപ്പണമാകുന്നത്. അഥവാ വിവേകശാലിയാണെങ്കിൽ മാർഗമദ്ധ്യേ പോകുമ്പോഴും സേവനം ചെയ്യാൻ സാധിക്കും. പോകെ-പോകെ ആരെങ്കിലുമായി മിത്രമാകണം പിന്നീട് ഇരുന്ന് ജ്ഞാനം കേൾപ്പിക്കണം. ജ്ഞാനം തീർത്തും സഹജമാണ്. കേവലം ചോദിക്കൂ പരംപിതാ പരമാത്മാവെന്ന പേര് എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ. എത്ര ഒന്നാംതരം കാര്യമാണ്. പരംപിതാവെന്ന് പറയുന്നതിലൂടെ അത് എല്ലാവരുടെയും പിതാവാകുന്നു. ഏതുപോലെയാണോ തേൾ മൃദുവായ വസ്തു കാണുകയാണെങ്കിൽ കടിക്കുന്നത്. നിങ്ങളും ഇതേ വ്യാപാരം ചെയ്യൂ, എല്ലാവരെയും രാജയോഗവും പഠിപ്പിക്കൂ എങ്കിൽ സത്യയുഗത്തിൽ രാജകുമാരനും രാജകുമാരിയുമാകും. അവിടെ നിങ്ങൾക്ക് വെളുത്ത കുട്ടികളെ ലഭിക്കും. അപ്പോൾ ബാബയിൽ നിന്ന് സമ്പത്തെടുക്കണമെന്ന് മനസ്സിലാക്കി കൊടുക്കണം. ഇതിൽ എല്ലാം ബുദ്ധിയുടെ കാര്യമാണ്. ബാക്കി സാക്ഷാത്ക്കാരം അത് സാധാരണ കാര്യമാണ്. ഓരോരുത്തർക്കും ഏതെല്ലാം രീതിയിലാണ് സാക്ഷാത്ക്കാരമുണ്ടാകുന്നത്..... അതും ലക്ഷ്യത്തെ അറിയിക്കുവാൻ വേണ്ടിയാണ്. ബാബ പറയുന്നു നിങ്ങൾ എന്നെ ഓർമ്മിക്കുകയും പവിത്രമായി കഴിയുകയും ചെയ്യുകയാണെങ്കിൽ ഇങ്ങനെയുള്ള പദവി നേടും. ഒരുമിച്ച് ജീവിച്ച് പദവി നേടുക - ഇതാണ് ഉയർന്ന ലക്ഷ്യം. മറ്റെല്ലാ സംഗങ്ങളും വേറിടണം, ഒരു സംഗം ചേരണം.... ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. സന്യാസിയാണെങ്കിൽ എല്ലാം ഉപേക്ഷിച്ച് പോകുന്നു. ഇവിടെയാണെങ്കിൽ ഒരുമിച്ച് ജീവിച്ചുകൊണ്ടും ബുദ്ധിയിലുണ്ടായിരിക്കണം ഈ പഴയ ലോകം ഇല്ലാതായിരിക്കുക തന്നെയാണ്. നമുക്ക് തിരിച്ച് പോകണം പിന്നീട് നമ്മൾ സ്വർഗ്ഗത്തിൽ പോയി രാജ്യം ഭരിക്കും. ഇപ്പോൾ പഴയ ലോകത്തിന്റെ വിനാശം സംഭവിക്കുക തന്നെ വേണം. ഇത് ബുദ്ധിയിൽ വച്ച് പുരുഷാർത്ഥം ചെയ്യണം. 8 മണിക്കൂർ ഈ ഓർമ്മയുടെ സേവനത്തിൽ കഴിയൂ. ചിലർ പറയുന്നു ഇതെങ്ങനെ സാധിക്കും. ഭക്തി മാർഗ്ഗത്തിൽ ആരാണോ കൃഷ്ണന്റെ ഭക്തരായിട്ടുള്ളത് അവരും മറ്റെല്ലാ വശത്തു നിന്നും ബുദ്ധിയെ വേർപെടുത്തി ഒരു കൃഷ്ണനെ മാത്രം ഓർമ്മിച്ചിരിക്കും. ചിലർ രാമന്റെ ഭക്തരാണ്, ശരി രാമനെ ഓർമ്മിക്കുക. രാമന്റെ രാജധാനിയെ ഓർമ്മിക്കുക, അതും നിരന്തരം ഓർമ്മിക്കുകയാണെങ്കിൽ അന്തിമ ഗതി അതുപോലെയാകും. രാമനെ ഓർമ്മിച്ച് രാമന്റെ രാജധാനിയിലേക്ക് പോകുക, ഇതും പരിശ്രമമാണ്. ഇങ്ങനെയുള്ള പരിശ്രമം പഠിപ്പിക്കുന്ന മറ്റാരും തന്നെയില്ല. ശ്ലോകവുമുണ്ട് - അന്തിമത്തിൽ ആര് ഭാര്യയെ ഓർമ്മിക്കുന്നോ..... അഥവാ ഏതെങ്കിലും സന്യാസിയോ ഗുരുവോ ഉണ്ടെങ്കിൽ അവരെ ഓർമ്മിക്കുകയാണെങ്കിൽ അന്തിമ ഗതി അതുപോലെയാകും. ആദ്യം ചോദിക്കൂ എവിടേക്ക് പോകാനാണ് ആഗ്രഹിക്കുന്നത്? എന്തായാലും തിരികെ പോകണം, എന്നാൽ എവിടേക്ക്? എന്തുകൊണ്ടെന്നാൽ ഭക്തിയിൽ ഒരാളിലേക്ക് ബുദ്ധി വയ്ക്കാനുള്ള ശക്തി ലഭിക്കുന്നില്ല. സർവ്വശക്തിവാൻ ഒരേഒരു പരംപിതാപരമാത്മാവ് മാത്രമല്ലേ. അവരുടെയും പാർട്ട് അടങ്ങിയിട്ടുണ്ട്. ഉയർന്നതിലും ഉയർന്നത് ബാബയാണ് ആ ബാബയെ ഓർമ്മിക്കുകയാണെങ്കിൽ ആ ദേശത്തിൽ എത്തും. സന്യാസിമാരെ ദേവതയെന്ന് പോലും പറയാൻ സാധിക്കില്ല. അവർ വരുന്നത് തന്നെ ദ്വാപരത്തിലാണ്. ഭഗവാൻ സ്വയം വന്ന് പറയുന്നു - കുട്ടികളേ എന്നെ ഓർമ്മിക്കൂ ഒപ്പം സൃഷ്ടി ചക്രത്തെക്കുറിച്ചും മനസ്സിലാക്കി തരുന്നു, അതിലൂടെ നിങ്ങൾ ചക്രവർത്തീ രാജാവാകും. ഈ ജ്ഞാനം ബാബ മാത്രമാണ് മനസ്സിലാക്കി തരുന്നത്. ചിത്രങ്ങളിലൂടെ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഉയർന്നതിലും ഉയർന്നത് നിരാകാരനായ ഭഗവാനാണ്, ബാബ നിവസിക്കുന്നത് മൂലവതനത്തിലാണ്. അതും ഉയർന്നതിലും ഉയർന്നതാണ്, നമ്മൾ ദേവതകളും അവിടെ തന്നെയാണ് വസിക്കുന്നത്. സൂക്ഷ്മവതനത്തിൽ സൂക്ഷ്മ ദേവതകളാണുള്ളത്. അവിടെ സൃഷ്ടി ചക്രമില്ല. പിന്നീട് താഴേക്ക് വരികയാണെങ്കിൽ ലക്ഷ്മീ-നാരായണന്റെ ക്ഷേത്രത്തിലാണ് ഏറ്റവും കൂടുതൽ തിളക്കമുള്ളത്. ജഗദംബ, ജഗത് പിതാവിന്റെ ക്ഷേത്രത്തിൽ ഇത്രയുമില്ല. ജഗദംബയുടേത് തികച്ചും സാധാരാണ ക്ഷേത്രമാണ്. നിങ്ങൾ ലക്ഷ്മിയുടെ ക്ഷേത്രവും, ജഗദംബയുടെ ക്ഷേത്രവും നോക്കുകയാണെങ്കിൽ - രാത്രിയും പകലിന്റെയും വ്യത്യാസമുണ്ടായിരിക്കും. ജഗദംബ തന്നെയാണ് ലക്ഷ്മിയാകുന്നതെന്ന് മനുഷ്യർക്കറിയില്ല. നിങ്ങൾക്കറിയാം - ഇവർ വളരെ സാധാരണമാണ് - അതുകൊണ്ട് ഇവരുടെ ക്ഷേത്രവും വളരെ സാധാരണമായി തന്നെ ഉണ്ടാക്കിയിരിക്കുന്നു. അതുകൊണ്ട്

ചിത്രവും വളരെ സാധാരണമായി ഉണ്ടാക്കിയിരിക്കുന്നു. ജഗദംബയെ ചിലയിടത്ത് കറുത്തതായും ഉണ്ടാക്കാറുണ്ട്. ഇപ്പോൾ നിങ്ങൾക്കറിയാം സംഗമത്തിൽ നമ്മൾ രാജയോഗം പഠിച്ച് ഭാവിയിൽ എത്ര ശോഭനീയ ശ്രീ ലക്ഷ്മിയും, ശ്രീ നാരായണനുമായാണ് മാറുന്നത്. എഴുതിയിട്ടുമുണ്ട് ബ്രഹ്മാവിലൂടെ സ്ഥാപന എന്ന് എങ്കിൽ അത് ജ്ഞാനത്തിലൂടെ തന്നെയാണ് നടക്കുന്നത്. അല്ലാതെ പശുവിന്റെ വായിലൂടെ അമൃത് വരുന്ന കാര്യമൊന്നുമില്ല. കൃഷ്ണനും സംഗമത്തിൽ ബാബ തന്നെയാണ് സമ്പത്ത് നൽകുന്നത്. സംഗമമായതു കാരണം അവർ ശിവന് പകരം കൃഷ്ണന്റെ പേരെഴുതി വച്ചു. ഇപ്പോൾ നിങ്ങൾക്കറിയാം ജഗദംബ തന്നെയാണ് ലക്ഷ്മിയാകുന്നത് ലക്ഷ്മി തന്നെയാണ് 84 ജന്മങ്ങളെടുത്ത് ജഗദംബയാകുന്നത്. ഇതാണ് ബ്രഹ്മാവിന്റെ കുലം. ഇത് തന്നെ പിന്നീട് ദൈവീകകുലമാകുന്നു. ദൈവീകകുലത്തിലുള്ളവർ പിന്നീട് 84 ജന്മങ്ങളെടുത്ത് അന്തിമത്തിൽ വന്ന് ശൂദ്ര കുലത്തിലേതാകുന്നു. എത്ര നല്ല നല്ല കാര്യങ്ങളാണ്. ധാരണ നടക്കുന്നില്ലെങ്കിൽ മന്ദബുദ്ധിയെന്ന് പറയും. സ്വയം തന്നെ ക്ലാസ്സ് നടത്താൻ സാധിക്കുന്ന തരത്തിലുള്ള ധാരാളം സേവാകേന്ദ്രങ്ങളുണ്ട്. ഗോഡ് ഫാദർ പറയുന്നു - തീവ്ര ബുദ്ധിയുള്ള വിദ്യാർത്ഥിയാകൂ. സേവനയുക്തരായ കുട്ടികളെ എത്രയാണ് ഓർമ്മിക്കുന്നത്, വിളിക്കുന്നത്. ബാബയും ഇങ്ങനെയുള്ള കുട്ടികളെ ഓർമ്മിക്കുന്നു. സ്കൂളിലും ചിലർ മിടുക്കരും, ചിലർ മന്ദവുമായിരിക്കും. മക്കളാണ് എല്ലാവരും തന്നെ. എന്നാൽ ചിലർ പുണ്യ ആത്മാവാകാൻ പറ്റാത്ത തരത്തിൽ അത്രയും പാപം ചെയ്തിട്ടുണ്ട്. അടിക്കടി വീണുപോകുന്നു. ഗുപ്തമായ സന്തോഷം എത്രത്തോളം ഉണ്ടായിരിക്കണം. അന്ധരുടെ ഊന്നുവടി കേവലം ബാബ തന്നെയാണ് മറ്റാർക്കും തന്നെ ആകാൻ സാധിക്കില്ല. അല്ലയോ പ്രഭൂ അന്ധരുടെ ഊന്നുവടി നീ തന്നെയാണ്. ഇവിടെ ഓരോരുത്തർക്കും വ്യക്തിപരമായി മരുന്ന് നൽകുന്നു. ജ്ഞാന നേത്രമില്ലാത്തവരെ അന്ധരെന്ന് പറയുന്നു. കലിയുഗത്തിന്റെ രാത്രിയിൽ ശിവബാബ വരുന്നു. കൃഷ്ണ രാത്രിയെന്ന് പറയാറുണ്ട് എങ്കിൽ ശിവന്റെയും രാത്രിയുണ്ട്. ശിവനാണെങ്കിൽ പരമാത്മാവാണ്, അപ്പോൾ ശിവന്റെ രാത്രി ഏതാണ്?

നിങ്ങൾക്കറിയാം കലിയുഗത്തിന്റെ അന്ത്യവും സത്യയുഗത്തിന്റെ ആദിയുമായതിനെ തന്നെയാണ് രാത്രിയെന്ന് പറയുന്നത്. ഭക്തിമാർഗ്ഗത്തിന്റെ കഷ്ടപ്പാടേറ്റ് എല്ലാവരും ബുദ്ധിമുട്ടിലായിരിക്കുന്നു ഒന്നുകിൽ പറയുന്നു പരമാത്മാവ് അറ്റമില്ലാത്തവനാണ്, അല്ലെങ്കിൽ നമ്മൾ തന്നെയാണ് പരമാത്മാവെന്ന് പറയുന്നു. എത്രയാണ് മനസ്സിലാക്കി തരുന്നത്. ചിലർക്ക് സേവനത്തിനുള്ള വളരെ താത്പര്യമുണ്ട്. ബാബയ്ക്കും താത്പര്യമുണ്ട് എന്നാൽ ബാബ എവിടെ പോകും, ഇത് നിയമമല്ല. സൺ ഷോസ് ഫാദർ. കുട്ടികൾ ധാരാളമുണ്ട്. ധാരാളം പേർ വന്നുകൊണ്ടുമിരിക്കും. ക്യൂവായാൽ പുറത്ത് ഇരിക്കും. പോപ്പ് വന്നു എത്ര മനുഷ്യർ കാണാൻ പോയി. ഇതാണെങ്കിൽ എല്ലാവരുടെയും പിതാവാണ്. പോപ്പിന് പോലും സദ്ഗതി നൽകുന്ന ആളാണ്. സത്യം സത്യമായ ആശീർവ്വാദം നൽകുന്ന ആൾ പിതാവു തന്നെയാണ്. അവർ അസത്യമായ ആശീർവ്വാദമാണ് ചെയ്യുന്നത്. ബി. കെ. ഏവർക്കും ആശീർവ്വാദം നൽകണം. അവർ മനസ്സിലാക്കാത്തതു കാരണം ഞങ്ങൾ ആശീർവ്വദിക്കുകയാണെന്ന് കരുതുന്നു. ഇവിടെ വരുമ്പോൾ - ആശീർവ്വാദം നേടാൻ യോഗ്യരാണോ അല്ലയോ എന്ന് നോക്കുന്നു. പരമപിതാ പരമാത്മാവിന്റെ ബുദ്ധിയിൽ എന്താണോ ഉള്ളത് അത് മറ്റാരുടെയും ബുദ്ധിയിലില്ല. ബാബ പറയുന്നു ഇവർ വരികയാണെങ്കിൽ ഞാൻ ഇവർക്ക് മുക്തിയും-ജീവിതമുക്തിയും നൽകും. മനുഷ്യനിൽ നിന്ന് ദേവതയാക്കും. സ്വർഗ്ഗത്തിന്റെ തൈ നടീൽ നടത്തുക തന്നെ വേണം. എനിക്ക് മനസ്സിലാക്കാൻ സാധിക്കും ഇത് ഏത് പ്രകാരത്തിലുള്ള തൈയാണ് നട്ടുകൊണ്ടിരിക്കുന്നതെന്ന്. നിങ്ങളും ഇങ്ങനെ മനസ്സിലാക്കൂ, ആരെങ്കിലും വരികയാണെങ്കിൽ നമുക്ക് അവർക്ക് മുക്തിയും ജീവിതമുക്തിയും നൽകണം. പറയുന്നു ഞങ്ങൾക്ക് മുക്തിവേണം. ശരി മുക്തിധാമത്തെ ഓർമ്മിക്കുകയാണെങ്കിൽ മുക്തി ലഭിക്കും. ബാബയെ ഓർമ്മിക്കുകയാണെങ്കിൽ അന്തിമഗതി പോലെ ഗതിയുണ്ടാകും. ശരി!

മധുര മധുരമായ തിരികെക്കിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഏറ്റവും കുറഞ്ഞത് 8 മണിക്കൂർ ഈ ഓർമ്മയുടെ സേവനത്തിൽ കഴിയണം. ഒരുമിച്ച് ജീവിച്ച് കൊണ്ടും മറ്റെല്ലാ സംഗങ്ങളും വേർപെടുത്തി ഒരു സംഗം ചേരുന്നതിനുള്ള പരിശ്രമം ചെയ്യണം.

2) തീവ്ര ബുദ്ധിയുള്ള വിദ്യാർത്ഥിയാകണം, മന്ദ ബുദ്ധിയല്ല. ബാബയ്ക്ക് സമാനം അന്ധരുടെ ഊന്നുവടിയായി എല്ലാവർക്കും മുക്തി-ജീവൻമുക്തിയുടെ വഴി പറഞ്ഞ് കൊടുക്കണം.

**വരദാനം:- അൽപകാലത്തെ ആശ്രയത്തിന്റെ തീരങ്ങളെ വിട്ട് ബാബയെ ആശ്രയമാക്കുന്നവരായ യഥാർഥ പുരുഷാർഥിയായി ഭവിക്കട്ടെ.**

അൽപകാലത്തെ ആധാരങ്ങളുടെ ആശ്രയത്തെ തീരമാക്കിക്കൊണ്ട് വെച്ചിരിക്കുന്നു. ഈ അൽപകാലത്തെ ആശ്രയത്തിന്റെ തീരത്തെ ഇനി വിട്ടുകളയൂ. എപ്പോൾ വരെയാണോ ഈ തീരങ്ങളുള്ളത് അതുവരേക്കും സദാ ബാബയുടെ ആശ്രയത്തിന്റെ അനുഭവമുണ്ടാകുകയില്ല. ബാബയുടെ ആശ്രയമില്ല അതുകൊണ്ട് പരിധിയുള്ള തീരങ്ങളെ ആശ്രയമാക്കുന്നു. അൽപകാലത്തിന്റെ കാര്യങ്ങൾ വഞ്ചിക്കുന്നവയാണ്. അതിനാൽ സമയത്തിന്റെ തീവ്രഗതിയെ കണ്ട് ഇനി ഈ തീരങ്ങളിൽ നിന്നും തീവ്രമായി പറന്ന് സെക്കന്റിൽ മറികടക്കൂ-അപ്പോൾ പറയും യഥാർഥ പുരുഷാർഥി.

**സ്ലോഗൻ:- കർമത്തിന്റെയും യോഗത്തിന്റെയും സന്തുലനം വെക്കുക തന്നെയാണ് കർമയോഗിയാകുക.**